**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4322</u>** **<u>06-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഇൻഷ്വറൻസ് പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ചുവടെ കാണുന്ന പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |

| പദ്ധതി | പ്രീമിയം |
|---|---|
| **സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി (SLI)** :- മികച്ച ആനുകൂല്യം ലഭ്യമാക്കുന്ന എൻഡോവ്മെന്റ് ലൈഫ് ഇൻഷ്വറൻസ് പോളിസിയായ എസ്.എൽ.ഐ. സർക്കാർ ജീവനക്കാർക്ക് പുറമേ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ,ബോർഡ്/കോർപ്പറേഷൻ,എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ,കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ , യൂണിവേഴ്സിറ്റികൾ മറ്റ് സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. | ജീവനക്കാരുടെ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം, ക്ഷാമബത്ത , എല്ലാ ഗ്രേഡ് പേയും ചേർന്നത്) 1.5% നിരക്കിലാണ് കണക്കാക്കുന്നത് |
| **ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (GIS)**:- ഈ പദ്ധതിയും സർക്കാർ ജീവനക്കാർക്ക് പുറമേ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ,ബോർഡ്/ കോർപ്പറേഷൻ,എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ,കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ , യൂണിവേഴ്സിറ്റികൾ മറ്റ് സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. | |
| **ജീവൻരക്ഷ-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (GPAIS)**:- സർക്കാർ,അർദ്ധസർക്കാർ,പൊതുമേഖലാസ്ഥാപനങ്ങൾസഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ,മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി 2007ൽ പൊതുമേഖല ഇൻഷ്വറൻസ് വഴി ആരംഭിക്കുകയും തുടർന്ന് 2010 മുതൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തു.2023 ൽ പ്രസ്തുത പദ്ധതിയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ 15 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചും മറ്റ് സ്വാഭാവിക മരണങ്ങൾക്ക് 5 ലക്ഷം രൂപയുടെ പരിരക്ഷ ഉറപ്പുവരുത്തിക്കൊണ്ടും ജീവൻരക്ഷാ പദ്ധതിയായി പുനർനാമകരണം ചെയ്തു നടപ്പിലാക്കി. | ജീവൻരക്ഷ പദ്ധതിയുടെ നിലവിലെ പ്രീമിയം 1000/- രൂപയാണ്. |
| **'ഒരുമ' – ഗ്രൂപ്പ് ബെനിഫിറ്റ് സ്കീം:**- സംസ്ഥാനത്തെ ഏറ്റവും വലിയ സ്ത്രീശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയിലെ 4.5 ലക്ഷം അംഗങ്ങൾക്കായി നടപ്പാക്കിയ ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ് 'ഒരുമ' ഇൻഷ്വറൻസ് പദ്ധതി. | കുടുംബശ്രീ അംഗങ്ങൾ ഒടുക്കേണ്ട പ്രീമിയം തുക 174/- രൂപ |
| **'ഭവന' ഇൻഷ്വറൻസ് പദ്ധതി**:- ലൈഫ് മിഷന്റെ ഭാഗമായി സർക്കാറിന്റെ വിവിധ പാർപ്പിട പദ്ധതിയിലൂടെ നിർമ്മിച്ച 2.5 ലക്ഷം ഭവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് 'ഭവന' ഇൻഷ്വറൻസ് പദ്ധതി. | മൂന്ന് വർഷത്തേക്ക് 345/- രൂപ |
| **ജനറൽ ഇൻഷ്വറൻസ് പദ്ധതികൾ**:- വാഹന ഇൻഷ്വറൻസ് , ഫയർ , മറൈൻ തുടങ്ങി ജനറൽ ഇൻഷ്വറൻസ് മേഖലയിൽ നിലവിലുള്ള ഏകദേശം എല്ലാ തരത്തിലുള്ള പോളിസികളും വകുപ്പ് നൽകി വരുന്നു. | ഓരോ പദ്ധതിക്കും പ്രത്യേകമായി IRDAI നിർദ്ദേശിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമുള്ള പ്രീമിയം ഈടാക്കിക്കൊണ്ടാണ് പദ്ധതിയുടെ പരിരക്ഷ ഉറപ്പുവരുത്തുന്നത്. |
| **കോവി-ലൈഫ് പദ്ധതി**:- കോവിഡ് ബാധിച്ച് മരണപ്പെടുന്ന റേഷൻ കട വ്യാപാരികൾക്കും സ്ഥാപനത്തിലെ ഒരു ജീവനക്കാരനും 7.5 ലക്ഷം രൂപ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. | പ്രീമിയം തുക 1060/- രൂപ |

| | | | |
|---|---|---|---|
| | | | |
| (ബി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ, പ്രീമിയം തുക എന്നിവ വിശദമാക്കാമോ? | (ബി) | ഉത്തരം എ പിരിവിൽ കാണാവുന്നതാണ് |

സെക്ഷൻ ഓഫീസർ